ഇല്ലെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇപ്പോഴുള്ള ടോയ്‌ലറ്റുകളിൽത്തന്നെ വെള്ള മില്ലാത്തതാണ് പ്രധാനപ്പെട്ട പ്രശ്നം. ഈ സ്ക്കൂളുകളിൽ വെള്ളമെത്തിക്കുന്നതിന് കുഴൽ കിണർ സംവിധാനമുണ്ടാക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. എം. എ. ബേബി : ഡി. ഡി. മാരുടേയും ഡി. ഇ. ഒ. മാരുടേയും സഹായത്തോടുകൂടി ഇക്കാര്യങ്ങളിൽ ഓരോ സ്കൂളുകളിലേയും ഇന്നത്തെ അവസ്ഥ എന്താണെന്ന് പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഫോർട്ട് സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ സ്കൂളുകളിലും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്താൻവേണ്ടി യുദ്ധകാലാടിസ്ഥാനത്തിലുള്ള ഇടപെടലാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

2. ശബരിമല മാസ്റ്റർപ്ലാനും അനുബന്ധ പദ്ധതികളും നടപ്പിലാക്കാൻ നടപടി

ശ്രീ. രാജു എബ്രഹാം : സർ, കഴിഞ്ഞ ശബരിമല സീസണിൽ പുൽമേട്ടിൽ 102 ശബരിമല തീർത്ഥാടകർ മരണമടയുകയുണ്ടായി. അവരുടെ വേർപാടിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. പുൽമേട് ദുരന്തംപോലെയുള്ള ദുരന്തങ്ങൾ ഇനി ആവർത്തിക്കാൻ പാടില്ല. 1998-ൽ ഹിൽടോപ്പിലുണ്ടായ ദുരന്തത്തിൽ 52 തീർത്ഥാടകരാണ് മരണമടഞ്ഞത്. ബഹുമാനപ്പെട്ട അങ്ങ് ഉൾപ്പെടെ ആ സംഭവസ്ഥലത്ത് രാത്രിയിൽ ഓടിയെത്തുകയുണ്ടായി. ശബരിമലയെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ ഭക്തജനങ്ങൾ മൂന്ന് മാസക്കാലത്തിനുള്ളിൽ എത്തുന്ന ഒരു തീർത്ഥാടന കേന്ദ്രമാണ്. ഒരുപക്ഷേ ലോകത്തിൽത്തന്നെ ഏറ്റവും കൂടുതൽ തീർത്ഥാടകരെത്തുന്ന തീർത്ഥാടന കേന്ദ്രമെന്നുള്ള പട്ടികയിൽ ശബരിമല ഉൾപ്പെടും. ശബരിമലയിൽ ആവശ്യമായിട്ടുള്ള അടിസ്ഥാനസൗകര്യങ്ങൾ അടിയന്തരമായി ഒരുക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. നൂറ്റാണ്ടുകളായി അല്ലെങ്കിൽ ദശാബ്ദങ്ങളായി തുടർന്നുവരുന്ന സൗകര്യങ്ങൾ വരുന്ന വർഷങ്ങളിൽ തികയാതെ വരും. കാരണം, ശരാശരി 30 ശതമാനത്തോളം തീർത്ഥാടകർ ഓരോ വർഷവും ഇവിടെ കൂടിവരികയാണ്. എക്കോ സ്മാർട്ട് തയ്യാറാക്കിയ ഒരു മാസ്റ്റർപ്ലാൻ സംസ്ഥാന ഗവൺമെന്റ് വഴി കേന്ദ്ര ഗവൺമെന്റിൽ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നതിൽ ആവശ്യപ്പെട്ടതിന്റെ ചെറിയൊരു അംശത്തിന് മാത്രമാണ് കേന്ദ്ര ഗവൺമെന്റ് അംഗീകാരം നൽകിയത്. ഉദാഹരണത്തിന്, മാസ്റ്റർ പ്ലാനിലൂടെ 1200 ഏക്കർ സ്ഥലം അടിസ്ഥാനസൗകര്യ വികസനത്തിനായി വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ കേന്ദ്ര ഗവൺമെന്റ് പമ്പയിലും സന്നിധാന ത്തുമായി കേവലം 12 ഏക്കർ സ്ഥലം മാത്രമാണ് നൽകിയത്. അതോടുകൂടി മാസ്റ്റർപ്ലാനിന്റെ അന്ത:സത്ത തന്നെ ഇല്ലാതാകുകയും നൽകിയ 12 ഏക്കർ സ്ഥലം നിലവിൽ പമ്പയിൽനിന്നും സന്നിധാനത്തേക്ക് നടന്നുപോകുന്ന പരമ്പരാഗതമായ കാനന പാതയുമാണ്. അടിക്കാട് വെട്ടാനും പാർക്കിംഗിനും മകരജ്യോതി, മകരവിളക്ക് ദർശനങ്ങൾക്കും സൗകര്യപ്രദമായ സ്ഥലം ലഭിക്കുക എന്നുള്ളതാണ് മാസ്റ്റർപ്ലാനിൽ പ്രധാനമായും വേണ്ടത്. മാസ്റ്റർപ്ലാനിനെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ചിടത്തോളം അടിയന്തരമായി ഒരു പുനർചിന്തനമുണ്ടാകണമെന്ന് മാത്രമല്ല അതുസംബന്ധിച്ച് അടിയന്തരമായി വീണ്ടും കേന്ദ്ര ഗവൺമെന്റിനെ സമീപിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകണം. അതുകൊണ്ടാണ് മാസ്റ്റർപ്ലാൻ പൊളിച്ചെഴുതണമെന്നുള്ള പ്രധാനപ്പെട്ടകാര്യം സഭയിൽ ഉന്നയിക്കേണ്ടി വന്നിട്ടുള്ളത്. മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയ കാര്യങ്ങൾ; ഉദാഹരണത്തിന്, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി കൂടി പങ്കെടുത്ത യോഗത്തിൽ അടിയന്തരമായി 100 കോടി രൂപയുണ്ടെങ്കിൽ മാസ്റ്റർപ്ലാൻ നടപ്പാക്കാമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതിനാവശ്യമായ 100 കോടി രൂപ അടിയന്തരമായി ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാക്കണം. പമ്പാ ആക്ഷൻ പ്ലാനിന് 319 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചുവെങ്കിലും 125 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. പമ്പയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം തീർത്ഥാടകരുടെ ബാഹുല്യവും മലിനീകരണ പ്രശ്നവുമാണ്. മലിനീകരണ പ്രശ്നം പരിഹരിക്കാൻ സന്നിധാനത്തും പമ്പയിലും പുതിയ പ്ലാന്റുകൾ നിർമ്മിക്കേണ്ടതുണ്ട്. അതിന് 29 കോടി രൂപ ആവശ്യമാണന്നിരിക്കെ വെറും 5 കോടി രൂപ മാത്രമാണ് നമ്മുടെ കൈവശമുള്ളത്. സംസ്ഥാന സർക്കാരും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ തന്നെ മുൻകൈയെടുത്ത് 29 കോടി രൂപ ഇപ്പോൾ നൽകിയിട്ടുണ്ട്. ഈ മാസം തന്നെ പണികൾ ആരംഭിച്ചെങ്കിലേ അടുത്ത സീസൺ ആകുമ്പോൾ അത് പ്രയോജനപ്രദമാക്കാൻ കഴിയുകയുള്ളൂ. ഇത്തരം പ്രശ്നങ്ങളിൽ നമുക്കനുകൂലമായ നിലപാടുകൾ കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല. ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമല്ല എന്നുള്ളതായിരിക്കാം അതിന് കാരണം. ദേശീയ തീർത്ഥാടന കേന്ദ്രമാണെങ്കിൽ മാത്രമേ കേന്ദ്ര ഗവൺമെന്റ് ഇത്തരം പരിഗണനകൾ നൽകാൻ തയ്യാറാകുകയുള്ളൂ. 1999-ൽ ചന്ദ്രശേഖരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാനപ്പെട്ട പല കാര്യങ്ങളും ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതിൽ ഒന്നാണ് പ്രാഥമിക ചികിത്സ. നല്ല പ്രാഥമിക ചികിത്സ ലഭിക്കുന്നതിനായി പമ്പയിൽ ഒരു നല്ല ആശുപത്രി കോംപ്ലക്സുണ്ടാക്കണമെന്ന് സ്ഥലം എം. എൽ. എ. എന്ന നിലയിൽ ഞാൻ ഒരു നിർദ്ദേശം നൽകിയിട്ടുണ്ട്. പക്ഷേ ആരോഗ്യവകുപ്പ് അനുകൂലമായി പ്രതികരിച്ചെങ്കിലും മാസ്റ്റർപ്ലാനിന്റെ ഉന്നതതല കമ്മിറ്റി ആ പ്രൊപ്പോസൽ അംഗീകരിക്കാൻ തയ്യാറായില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പങ്കെടുത്തുകൊണ്ട് ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ ശബരിമല സന്നിധാനത്ത് ഓപ്പറേഷൻ തിയേറ്റർ സൗകര്യത്തോടുകൂടിയുള്ള നല്ലൊരാശുപത്രി ആരംഭിച്ചുവെങ്കിലും അത് മതിയാകുകയില്ല. അതുകൊണ്ട് എരുമേലിയെക്കൂടി കണക്റ്റ് ചെയ്ത് അടിയന്തരമായി ഒരു മെഡിക്കൽ കോളേജ് ആ പരിസരങ്ങളിൽ സ്ഥാപിക്കുന്നതിനുവേണ്ടി ബഹുമാന്യരായ മന്ത്രിമാർ ജി. സുധാകരൻ-ഉം രാമചന്ദ്രൻ കടന്നപ്പള്ളി-യും രണ്ട് തവണ യോഗം വിളിച്ചുകൂട്ടിയെങ്കിലും ഇപ്പോഴും മെഡിക്കൽ കോളേജ് എന്ന ആ ആശയം അവിടെത്തന്നെ നിൽക്കുയാണ്. ഏറ്റവും പ്രധാനമായി നിലയ്ക്കൽ ബസ് സ്റ്റേഷൻ വിപുലപ്പെടുത്തിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കുകയും

പാർക്കിംഗ് സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യണം. ഇതിനോട്ചേർന്ന് കിടക്കുന്ന ഹാരിസൺ മലയാളം പ്ലാന്റേഷന്റെ 2000 ഏക്കർ സ്ഥലത്തുനിന്നും 500 ഏക്കർ സ്ഥലം അടിയന്തരമായി വീണ്ടെടുക്കാനുള്ള പദ്ധതി ഉണ്ടാകണം. ഇനിയുള്ള കാലഘട്ടങ്ങളിൽ അവിടെ നേരിടുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കക്കാട്, പെരിനാട് എന്നീ സ്ഥലങ്ങളിൽ രണ്ട് മേജർ കുടിവെള്ള വിതരണ പദ്ധതിക്കുള്ള അംഗീകാരം മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റോ കേന്ദ്ര ഗവൺമെന്റോ അടിയന്തരമായിത്തന്നെ നടപ്പാക്കണം. ഇവിടെ ഇടത്താവളങ്ങൾ ഒരു പ്രധാനപ്പെട്ട കാര്യമാണ്. പമ്പയുടെ തീരങ്ങളിൽ മലമൂത്ര വിസർജ്ജനം കൊണ്ട് നമുക്കും നാട്ടുകാർക്കും കാൽകുത്താൻ കഴിയില്ല. അതുകൊണ്ട് ഇടത്താവളങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ അടിയന്തരമായി ആരംഭിക്കണം. ഏറ്റവും പ്രധാനപ്പെട്ട കാര്യം, പമ്പയിലെ കക്കൂസുകൾ നിറഞ്ഞുകിടക്കുകയാണ്. കക്കൂസുകളിലെ മാലിന്യം പമ്പയാറ്റിലേക്ക് പമ്പ് ചെയ്ത് നീക്കുന്ന ഒരു വാർത്ത പത്രങ്ങളിൽ വരികയുണ്ടായി. അത് ഗുരുതരമായ പ്രശ്നമാണ്. അതുകൊണ്ട് കക്കൂസുകളിലെ മാലിന്യം പമ്പയാറ്റിലേക്ക് പമ്പ് ചെയ്യുന്നത് അടിയന്തരമായി നിർത്തിവയ്ക്കണം. ഇത് ഏതെങ്കിലും വളം നിർമ്മാണശാലയിലേക്ക് കൊണ്ടുപോകാനുള്ള സംവിധാനമുണ്ടാക്കണം. ..... (തടസ്സം)..... റോഡ്, ക്യൂ കോംപ്ലക്സ് എന്നിവ അടിയന്തരമായി നിർമ്മിക്കണം. കിസുമം ഹിൽ ടോപ്പ് റോഡ് വികസിപ്പിക്കാൻ അടിയന്തരനടപടി സ്വീകരിക്കണം. ഹൈക്കോടതി പറഞ്ഞ 17 റോഡുകൾ ഹെവി മെയിന്റനൻസ് പദ്ധതിയിലുൾപ്പെടുത്താനും നടപടി സ്വീകരിക്കണം. അതുപോലെ തന്നെ എരുമേലി .....(തടസ്സം).... മുഖ്യമായ സ്ഥലമാണ്, അവിടത്തെ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തണം. ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ഇക്കാര്യങ്ങളിൽ നല്ല ശ്രദ്ധ പതിപ്പിക്കുന്ന മന്ത്രി കൂടിയാണെന്നുള്ള നിലയിൽ ശബരിമലയിലെ അടിയന്തരപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മുൻകൈയെടുത്ത് ആവശ്യമായ സംവിധാനങ്ങളുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) : സർ, ബഹുമാനപ്പെട്ട എം.എൽ.എ. രാജു എബ്രഹാം ഉന്നയിച്ച ശബരിമല മാസ്റ്റർ പ്ലാനും അനുബന്ധ പദ്ധതികളും അടിയന്തരമായി നടപ്പിലാക്കേണ്ടതിന്റെ ആവശ്യകത ഒരു പ്രധാനപ്പെട്ട കാര്യമാണ്. ശബരിമലയുടെ സമഗ്ര വികസനം മുൻനിറുത്തി തയ്യാറാക്കിയിട്ടുള്ള ശബരിമല മാസ്റ്റർ പ്ലാൻ 3-5-2007-ൽ ജി.ഒ(എം.എസ്.)146/07/ആർ.ഡി. നമ്പർ ഉത്തരവുപ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 50 വർഷക്കാലയളവിലേക്കുള്ള വിപുലവും സമഗ്രവുമായ വികസന നിർദ്ദേശങ്ങളാണ് 3 വാല്യങ്ങളുള്ള മാസ്റ്റർ പ്ലാനിൽ ചേർത്തിട്ടുള്ളത്. അതിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള 2050 വർഷക്കാലയളവുവരെയുള്ള പദ്ധതികളുണ്ട്. പരസ്പരപൂരകങ്ങളായ അനുബന്ധ പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടുമാത്രമേ മാസ്റ്റർപ്ലാൻ നിർവ്വഹണം ഫലപ്രദമായി പൂർത്തിയാക്കാൻ കഴിയുകയുള്ളു. ശബരിമല തീർത്ഥാടനം സുഖകരവും, സുരക്ഷിതത്വവും, സൗകര്യപ്രദവുമാക്കി മാറ്റാനും ഭാവിയിൽ പുൽമേട് ദുരന്തം പോലെയുള്ള വൻ അപകടങ്ങൾ ഒഴിവാക്കാനും

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല മാസ്റ്റർപ്ലാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്തേണ്ടത് അത്യന്തം ആവശ്യമാണെന്ന് ഗവൺമെന്റ് കരുതുകയാണ്. ജീവൻ നഷ്ടപ്പെട്ടവരുടെ ഓർമ്മയ്ക്ക് മുമ്പിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. മാസ്റ്റർ പ്ലാൻ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചിട്ടുണ്ട്. ദേവസ്വം വകുപ്പിന്റെ ചുമതല വഹിക്കുന്ന അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. കെ. ജയകുമാർ ഐ.എ.എസ്. ചെയർമാനായുള്ള ഉന്നതാധികാര സമിതിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ്, മെമ്പർമാർ, ദേവസ്വം ബോർഡ് ചീഫ് എഞ്ചിനീയർ (ജനറൽ), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (കെ.എസ്.ഇ.ബി), പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ശബരിമല മാസ്റ്റർപ്ലാൻ തയ്യാറാക്കിയ ഇക്കോസ്മാർട്ടിന്റെ ഒരു പ്രതിനിധി എന്നിവർ അംഗങ്ങളായും ഹൈക്കോടതി നിയോഗിച്ച ഉന്നതാധികാര സമിതിയുടെ മേൽനോട്ടത്തിൽ മാസ്റ്റർപ്ലാനിൽപ്പെട്ട പ്രവൃത്തികൾ അടിയന്തരപ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നുണ്ട്. നിരവധി പ്രവൃത്തികൾ ഇതിനോടകംതന്നെ പൂർത്തീകരിച്ചിട്ടുണ്ട്. നിലക്കലിലും പമ്പയിലും വിശ്രമ പന്തലുകൾ, നിലയ്ക്കലിൽ 400 ലാട്രിനുകൾ, പമ്പയിൽ 160 പുതിയ ലാട്രിൻ ബ്ലോക്കുകൾ, ശബരിമലയിൽ 320 ലാട്രിനുകളും 80 കുളിമുറികളും നിലയ്ക്കലിലും പമ്പയിലും 400kg/hr ശേഷിയുള്ള ഇൻസിനറേറ്ററുകൾ, കുടിവെള്ള സംഭരണികൾ, അപ്പാച്ചിമേട്ടിലും നീലിമലയിലും കാർഡിയോളജി സെന്ററുകൾ, അപ്പാച്ചിമേട്ടിൽ വിശ്രമകേന്ദ്രം, പാർക്കിംഗ് ഗ്രൗണ്ടുകൾ, 20 ലക്ഷം ലിറ്റർ ശേഷിയുള്ള 2 വാട്ടർ ടാങ്കുകൾ, ലക്ഷാലിന്യങ്ങൾ ശേഖരിച്ചുവേർതിരിക്കുന്നതിനായി ഷെഡ്ഡുകൾ, ചന്ദ്രാനന്ദൻ റോഡ് വീതി കൂട്ടൽ, സുരക്ഷ-സംരക്ഷണ ഭിത്തി എന്നിവ നിർമ്മാണം പൂർത്തീകരിച്ചതു കൂടാതെ സന്നിധാനത്തുനിന്നും മാളികപ്പുറത്തേക്കുള്ള ഫ്ളൈ ഓവറിനു മുകളിൽ മേൽക്കൂര, നിലയ്ക്കലിൽ പോലീസിനും ഉദ്യോഗസ്ഥർക്കും താമസ സൗകര്യത്തിനായി 3 ബഹുനില കെട്ടിടങ്ങൾ, അപ്പാച്ചിമേട്-നീലിമല ഭാഗത്ത് 4 സ്ഥലങ്ങളിൽ മേൽക്കൂര എന്നിവ പൂർത്തിയായിക്കഴിഞ്ഞിട്ടുണ്ട്. സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, പ്രസാദം കോംപ്ലക്സ്, ക്യൂ കോംപ്ലക്സ്, റോപ്പ് വേ, അന്നദാനമണ്ഡപം, ശബരി ഭവനുകളുടെ നിർമ്മാണം, പാർക്കിംഗ് ഏരിയ, നിലയ്ക്കൽ ചെക്ക് ഡാം, നിലയ്ക്കൽ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണം, പമ്പയിൽ സർവ്വീസ് റോഡ്, നടപ്പാതയുടെ മേൽക്കൂര, നിലയ്ക്കലിൽ കുടിവെള്ള സംഭരണ ടാങ്ക് തുടങ്ങി അടിയന്തര പ്രാധാന്യം നൽകി ചെയ്യാനുദ്ദേശിക്കുന്ന പ്രവൃത്തികൾക്ക് ഏകദേശം 122.5 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്. ശബരിമല മാസ്റ്റർപ്ലാൻ അടിസ്ഥാനമാക്കി നിലയ്ക്കലിൽ ലേ ഔട്ട് പ്ലാൻ തയ്യാറാക്കാൻ അജിത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് 40 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. നിലയ്ക്കലിൽ അടുത്ത സീസണിനുമുമ്പ് പാർക്കിംഗ് ഏരിയ റോഡ്, ട്രാൻസ്പോർട്ട് ടെർമിനൽ, ഡാം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിട്ടുണ്ട്. ശബരിമലയുടെ ലേ ഔട്ട് പ്ലാൻ തയ്യാറാക്കാൻ ചെന്നൈ ആസ്ഥാനമായുള്ള പിതവാടിയൻ ആന്റ് പാർട്ട്നേഴ്സിനു 61 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിരിക്കുകയാണ്. വലിയ നടപ്പന്തലിന്റെ പുനർനിർമ്മാണം, റോവർ തിരുമുറ്റത്തിന്റെ പുനർനിർമ്മാണം, പ്രസാദം കോംപ്ലക്സ് മുതലായവ

LIBRARY ARCHIVES Kerala Legislative Assembly

മുൻഗണനാ ക്രമത്തിൽ അടുത്ത സീസണിനുമുൻപ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ക്യൂ കോംപ്ലക്സിന്റെ നിർമ്മാണത്തിന്റെ ഡിസൈൻ തയ്യാറാക്കാൻ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന് 15 ലക്ഷം രൂപയ്ക്ക് കരാർ നൽകിയിട്ടുണ്ട്. അതിന്റെ നിർമ്മാണ ചെലവ് അധികമാണെന്നു കണ്ട് ചെലവ് ലഘൂകരിക്കത്തക്ക വിധമുള്ള ഡിസൈൻ ഹൈ പവർ കമ്മിറ്റിയുടെ ടെക്നിക്കൽ അംഗങ്ങളുമായി ചർച്ച ചെയ്ത് തയ്യാറാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. റോപ്പ് വേ നിർമ്മാണത്തിനുള്ള ടെക്നോ എക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കരാർ 22 ലക്ഷം രൂപയ്ക്ക് ന്യൂ ഡൽഹി ആസ്ഥാനമായ റൈറ്റ്സ് ലിമിറ്റഡിന് നൽകിയിരിക്കുകയാണ്. മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശം 500 കോടി രൂപ സമാഹരിക്കുന്നതിനായി ശബരിമല മാസ്റ്റർപ്ലാൻ ഇൻഫ്രാ സ്ട്രക്ച്ചർ ഫണ്ട് രൂപീകരിച്ച് ട്രസ്റ്റായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ട്രസ്റ്റിൽ മുൻ സുപ്രീം കോടതി ജഡ്ജി ശ്രീ. അരിജിത് പസായത് ചീഫ് പേട്രനും പ്രധാന മന്ത്രിയുടെ പ്രിൻസിപ്പൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. ടികെ.എ. നായർ പേട്രനുമാണ്. ട്രസ്റ്റിലേക്കുള്ള സംഭാവനകൾക്ക് ആദായനികുതി ഇളവ് ലഭ്യമാണ്. പുല്ലുമേട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ശബരിമല തീർത്ഥാടകരുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ അടിയന്തരമായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർത്ത 28-1-2011-ലെ യോഗത്തിൽ ചന്ദ്രശേഖര മേനോൻ കമ്മീഷൻ റിപ്പോർട്ടിലേയും മാസ്റ്റർ പ്ലാനിലേയും കാതലായ കാര്യങ്ങൾ പഠിച്ച് ഒരു സമന്വയാഭിപ്രായം ഉണ്ടാക്കണമെന്ന് നിർദ്ദേശിക്കുകയും അവ പരിശോധിച്ച് അടിയന്തരമായി ചെയ്തു തീർക്കേണ്ട കാര്യങ്ങളിന്മേൽ തീരുമാനമെടുക്കുന്നതിനായി വൈകാതെ വീണ്ടും യോഗം ചേരാൻ തീരുമാനിക്കുകയും ചെയ്തു. മാസ്റ്റർ പ്ലാൻ പ്രവൃത്തികൾ ത്വരിതപ്പെടുത്താനും അടിയന്തരപ്രാധാന്യത്തോടെ നടപ്പിലാക്കാനുമാവശ്യമായ എല്ലാ സഹായങ്ങളും സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നതാണ്. ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമാക്കി ഉയർത്തണമെന്ന നിർദ്ദേശം സ്വാഗതാർഹമാണ്. അതിനാവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ആലോചിച്ച് സ്വീകരിക്കുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ശബരിമലയിലെ റോഡുകളെ സംബന്ധിച്ച് ഇപ്പോൾ സഭയിൽ ഉന്നയിക്കുകയുണ്ടായി. ഹൈക്കോടതി ചൂണ്ടിക്കാണിച്ച 17 റോഡുകൾ ഹെവി മെയിന്റനൻസ് നടത്താൻ സർക്കാർ തീരുമാനിച്ചതിന്റെ മുന്നോടിയായി 52 കിലോ മീറ്റർ ദൈർഘ്യം വരുന്ന 3 റോഡുകൾ ടെന്റർ ചെയ്ത് ഈ ആഴ്ചയിൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

ശ്രീ. രാജു എബ്രഹാം : സർ, പുല്ലുമേട് പോലെ 50-ഓളം സ്ഥലങ്ങളിലാണ് മകരജ്യോതിയും മകരവിളക്കും ദർശിക്കാനായിട്ട് കോടിക്കണക്കിന് തീർത്ഥാടകർ ഒത്തുകൂടുന്നത്. അവിടെ മതിയായിട്ടുള്ള സുരക്ഷിതത്വത്തെ സംബന്ധിച്ചും അവിടത്തെ മറ്റ് പ്രശ്നങ്ങളെ സംബന്ധിച്ചും ഈ മാസമാണ് ചർച്ചകൾ ആരംഭിക്കേണ്ടത്. മഴക്കാലത്ത് പോയി ചർച്ച ആരംഭിച്ചിട്ട് കാര്യമില്ല. ഫെബ്രുവരി മാസം ചർച്ച നടത്തിയെങ്കിൽ മാത്രമേ അടുത്ത സീസണിൽ എന്തെങ്കിലും ചെയ്യാൻ സാധിക്കുകയുള്ളു. ആ നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ദേവസ്വം വകുപ്പുമന്ത്രിയും ബന്ധപ്പെട്ട മന്ത്രിമാരും പങ്കെടുത്തു കൊണ്ട് ഉന്നതതലയോഗം ഈ മാസം വിളിക്കാൻ അങ്ങ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി : സർ, ഇവിടെ നിർദ്ദേശിക്കപ്പെട്ടതുപോലെ തീർത്ഥാടകർ സ്വയം തെരഞ്ഞെടുത്തിട്ടുള്ള നിരവധി സ്ഥലങ്ങളുണ്ട്, അവിടെനിന്നും കാണാനുള്ള ഏർപ്പാടുകളും നടത്തുകയാണ്. ശബരിമല ദുരന്തത്തെത്തുടർന്ന് ചന്ദ്രശേഖര മേനോൻ കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടു കൂടി പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ യോഗംചേർന്നിട്ടുണ്ട്, രണ്ടാഴ്ചക്കുള്ളിൽ വീണ്ടും യോഗം ചേർന്ന് ചില കാര്യങ്ങളിൽ കൂടി നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

V സബ്മിഷൻ

1. സ്കോളർഷിപ്പ് തുക

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഗുരുതരമായ ഈ പ്രശ്നം വളരെ ഗൗരവമായി കാണണമെന്ന് ആദ്യമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. 2007-08, 2008-09 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്ര സാമൂഹ്യനീതിയും ശാക്തീകരണവും മന്ത്രാലയം പിന്നോക്ക വിഭാഗത്തിൽപ്പെട്ട നിർദ്ധന വിദ്യാർത്ഥികൾക്ക് പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് എന്ന പേരിൽ സ്കോളർഷിപ്പായി അനുവദിച്ച ഏഴേകാൽ കോടി രൂപ സംസ്ഥാന സർക്കാർ ചെലവാക്കാതെ പാഴാക്കിയിരിക്കുന്നുവെന്ന് കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ കണ്ടെത്തിയിരിക്കുകയാണ്. പിന്നോക്കക്കാരോട് താല്പര്യമുള്ള എല്ലാവരേയും അങ്ങയെ അടക്കം ഞെട്ടിച്ചിരിക്കുന്ന ഒരു വസ്തുതയാണിത്. 2007-08 വർഷത്തിൽ അനുവദിച്ച തുകയായ 5.6 കോടി രൂപ യഥാസമയം ചെലവഴിക്കാത്തതിനാൽ തൊട്ടടുത്ത വർഷം സ്കോളർഷിപ്പ് തുക 1.61 കോടി രൂപയായി കുറഞ്ഞു. ഒന്നാം വർഷം യഥാസമയം തുക ചെലവഴിച്ചിരുന്നെങ്കിൽ രണ്ടാം വർഷവും സംസ്ഥാനത്തിന് കുറഞ്ഞത് 5.6 കോടി രൂപയെങ്കിലും ലഭിക്കുമായിരുന്നു. ഇതുംകൂടി കണക്കിലെടുത്താൽ സർക്കാരിന്റെ അനാസ്ഥമൂലം പിന്നോക്ക വിദ്യാർത്ഥികൾക്ക് 11.2 കോടി രൂപയുടെ ആനുകൂല്യമാണ് യഥാർത്ഥത്തിൽ നഷ്ടമായത്. പിന്നോക്ക വിഭാഗങ്ങളിലെ കുട്ടികളുടെ പഠനത്തിനായി സംസ്ഥാന സർക്കാരിൽനിന്ന് ഫലവത്തായ സഹായങ്ങളൊന്നുമില്ലാതിരിക്കെ 100 ശതമാനവും കേന്ദ്രം ബാധ്യത വഹിക്കുന്ന ഇത്തരം സ്കോളർഷിപ്പുകൾ അലംഭാവംമൂലം നഷ്ടപ്പെടുത്തുന്നത് പിന്നോക്ക വിഭാഗങ്ങളിലെ നിർദ്ധന വിദ്യാർത്ഥികളോട് കാണിക്കുന്ന കൊടുംക്രൂരതയാണ്. നിരവധിതവണ നിയമസഭാ ചോദ്യങ്ങളിലൂടെ സർക്കാരിന്റെ ശ്രദ്ധയിൽ പ്രസ്തുത വിഷയം കൊണ്ടുവന്നിട്ടും ഇങ്ങനെ സംഭവിച്ചത് പിന്നോക്ക വിഭാഗങ്ങളോടുള്ള അവഹേളനമാണ്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അല്പമെങ്കിലും ആത്മാർത്ഥയുണ്ടെങ്കിൽ ഈ നഷ്ടപ്പെട്ട തുക സംസ്ഥാന ഗവൺമെന്റ് ഇടപെട്ട് ലഭ്യമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടി ശ്രദ്ധിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, പിന്നോക്ക വിഭാഗങ്ങളിലെ നിർദ്ധന വിദ്യാർത്ഥികൾക്ക് സംസ്ഥാന സർക്കാർ ഫീസ് ആനുകൂല്യം നൽകി വരുന്നുണ്ട്. പ്ലസ് ടൂ വരെ 20,000 രൂപ വരുമാന

LIBRARY ARCHIVES Kerala Legislative Assembly